**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 361      25.06.2014 -ൽ മറുപടിയ്ക്ക്

## ആയുർവേദമരുന്നുകൾക്ക് ഗുണനിലവാര മാനദണ്ഡം

ചോദ്യം

ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ആയുർവേദ മരുന്നുകൾക്ക് ഗുണനിലവാര മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്ര സർക്കാർ, ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഏതൊക്കെ രീതിയിൽ പരിശോധിക്കാമെന്നും എങ്ങനെയാണെന്നും, ആയുർവ്വേദ ഫാർമകോപ്പിയ ഇന്ത്യ, ആയുർവേദ ഫോർമുലറി ഓഫ് ഇന്ത്യ എന്നീ പുസ്തകങ്ങളിൽ വിശദമായി പ്രതിപാദിക്കുകയും, മാനദണ്ഡം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച്, കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിലെ ആയുഷ് ഡിപ്പാർട്ടമെന്റ് പ്രസിദ്ധീകരിച്ച ടെസ്റ്റിംഗ് പ്രോട്ടോക്കാൾ ഫോർ ആയുർവേദ, സിദ്ധ, യൂനാനി ഡ്രഗ്സിൽ പ്രതിപാദിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ആയുർവേദ ഔഷധങ്ങളുടെ ഗുണനിലവാരം നിർണ്ണയം നടത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരത്ത് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലെ ആയുർവേദ വിഭാഗത്തിലും ആയുഷ് അംഗീകരിച്ച സ്വകാര്യ ലാബുകളിലും പരിശോധനകൾ നടത്തുന്നുണ്ട്. |
| (ബി)മരുന്നു കടകളിൽ നിന്ന് കുറിപ്പടികൾ കൂടാതെ തന്നെ മരുന്നുകൾ ലഭ്യമാണെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ; | (ബി) ഉണ്ട് . ആയുർവേദ മരുന്നുകൾ വില്പനയ്ക്ക് സൂക്ഷിക്കുന്നതിന് ഡ്രഗ്സ് ആന്റ് കോസ്മറ്റിക്സ് ആക്ട് പ്രകാരം പ്രത്യേക ലൈസൻസ് (സെയിൽ ലൈസൻസ്) ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, വില്പനക്കായി സൂക്ഷിച്ചിരിക്കുന്ന മരുന്നുകൾ ലൈസൻസുള്ള ഔഷധ നിർമ്മാണ കമ്പിനികൾ നിർമ്മിച്ച് വിതരണം ചെയ്യുതായിരിക്കണമെന്ന് നിയമം നിഷ്കർഷിക്കുന്നു. ആയുർവേദ മരുന്ന്, ചികിത്സകന്റെ കുറിപ്പടിയിൽ മാത്രമേ രോഗികൾക്ക് നൽകാവൂ എന്ന് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ നിഷ്കർഷിച്ചിട്ടില്ല. |
| (സി)മദ്യവില്പനശാലകളുടെ മേൽ നിയന്ത്രണം ഏർപ്പെടുത്തിയതോടെ മദ്യത്തിനു പകരമായി ആയുർവേദ | (സി) മദ്യവില്പനശാലകളുടെമേൽ നിയന്ത്രണം ഏർപ്പെടുത്തിയതിനുശേഷം സംസ്ഥാനത്ത് അരിഷ്ട വില്പന വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| ചേരുവകളുടെ ഉപയോഗം വർദ്ധി ച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു തടയാൻ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | ഇതനുസരിച്ച്, വ്യാജ അരിഷ്ട വില്പന തടയുന്നതിലേക്കായി, ഡ്രഗ് ഇൻസ്പെക്ടർമാർക്ക് കർശന നിർദ്ദേശം നൽകുകയും, ജില്ലകൾതോറും ഡ്രഗ് ഇൻസ്പെക്ടർമാർ റെയിഡ് നടത്തുകയും, വ്യാജ അരിഷ്ട വില്പന ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, ആറ്റിങ്ങൽ, കരുനാഗപ്പള്ളി, ഉമയനല്ലൂർ, നെയ്യാറ്റിൻകര, കുന്നിക്കോട്, തൃശ്ശൂർ ജില്ലയിലെ വിൽപ്പന കേന്ദ്രങ്ങൾ എന്നിവ പരിശോധിച്ച് സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയക്കുകയും 5 ഔഷധശാലകൾക്കെതിരെ വകുപ്പു തല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, വ്യാജ അരിഷ്ടം നിർമ്മിച്ച് വിതരണം ചെയ്യുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്ന് വാർത്താ മാദ്ധ്യമങ്ങളിലൂടെ മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**